# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735</u> — <u>12.06.2013 ൽ മറുപടിക്ക്</u>

## <u>റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | റാന്നി ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്നും, ഈ തസ്തികകളിൽ ജോലി ചെയ്യുന്നവർ ആരൊക്കെ എന്നും വ്യക്തമാക്കാമോ; | (എ) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | ആശുപത്രിയിലേക്ക് അനുവദിക്കപ്പെട്ടിട്ടുള്ളതിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് എന്നും ഇങ്ങനെ ഒഴിഞ്ഞു കിടക്കാൻ കാരണം എന്തെന്നും വിശദമാക്കാമോ; | (ബി) | കൺസൾട്ടന്റ് ഗൈനക്കോളജി – 1 ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ – 1<br>ഡി.പി.സി. ശുപാർശ ചെയ്യുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകി കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റിന്റെ തസ്തികയിൽ നിയമിക്കുന്നതാണ്. മെഡിസിനിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അഭാവം കൊണ്ടാണ് ജൂനിയർ കൺസൾട്ടന്റ് മെഡിസിനിൽ തസ്തിക ഒഴിഞ്ഞു കിടക്കുന്നത്. |
| (സി) | താലൂക്കാശുപത്രി നിലവാരത്തിൽ ആശുപത്രി കളിൽ വേണ്ട തസ്തികകൾ ഏതൊക്കെ എന്നു വ്യക്തമാക്കാമോ; | (സി) | താലൂക്കാശുപത്രി നിലവാരത്തിൽ ആശുപത്രികളിൽ അടിസ്ഥാന യൂണിറ്റുകളായ മെഡിസിൻ, സർജറി. അനസ്തേഷ്യ ഗൈനക്കോളജി, ഇ.എൻ.ടി. ഒഫ്ത്താൽമോളജി, പീഡിയാട്രിക്, ഓർത്തോപീഡിക് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരും സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഓഫ്ത്താൽമിക് അസിസ്റ്റന്റ് തുടങ്ങിയ അനുബന്ധ തസ്തികകളും ഉണ്ടായിരിക്കും. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തിയ പി.എച്ച്.സി.കൾ ഏതൊക്കെയെന്നും ഈ ആശുപത്രികളിൽ ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | പി.എച്ച്.സി.കളെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളാക്കി ഉയർത്തിയിട്ടില്ല. |
| (ഇ) | ഇതു കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം, വിവിധ സർക്കാർ ആശുപത്രികളിലായി അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്ന് ആശുപത്രികളുടെ പേരു സഹിതം വ്യക്തമാക്കാമോ; | (ഇ) | അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ താലൂക്കാശുപത്രി നിലവാരത്തിൽ തസ്തികയനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | (എഫ്) | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്